LIBRARY ARCHIVES Kerala Legislative Assembly

## നടപ്പുവർഷത്തെ മൂലധനചെലവ്

**83 (88)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂലധനച്ചെലവ് നടപ്പ് വർഷം ഒക്ടോബർ 31 വരെ എത്രയായിരുന്നു ; കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയായിരുന്നു; വ്യക്തമാക്കാമോ ;

(ബി) ഒക്ടോബർ 31 വരെയുള്ള സാമൂഹ്യ ക്ഷേമപെൻഷൻ ഗഡുക്കൾ കൊടുത്ത് തീർത്തിട്ടുണ്ടോ ; ആയതിനായി എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കാമോ ;

(സി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി വിപണിയിൽ ഇടപെടുന്നതിന് 2015 ഒക്ടോബർ 31 വരെ എത്ര തുക ചെലവഴിച്ചു ;

(ഡി) 2015 ഒക്ടോബർ 31 വരെ നികുതിയിനത്തിൽ ഏറ്റവും കൂടുതൽ തുക സമാഹരിക്കുവാൻ കഴിഞ്ഞ വകുപ്പ് ഏത് ; എത്ര തുക സമാഹരിച്ചു; വ്യക്തമാക്കാമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2015-16 സെപ്റ്റംബർ വരെയുള്ള പ്രാരംഭ തനിക്കണക്കുകൾ പ്രകാരം മൂലധനചെലവ് 2487.61 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷം ഈ തുക 4254.59 കോടി രൂപയായിരുന്നു.

(ബി) ലാന്റ് റവന്യൂ കമ്മീഷണറും ലേബർ കമ്മീഷണറും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം സെപ്റ്റംബർ വരെയുള്ള സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ആകെ 1787.49 കോടി രൂപ ഇതിനകം തന്നെ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി വിപണിയിൽ ഇടപെടുന്നതിന് 2015- സെപ്റ്റംബർ വരെ ആകെ 106 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ 2015 സെപ്തംബർ വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ തുക നികുതിയിനത്തിൽ സമാഹരിച്ചിട്ടുള്ളത് വില്പന നികുതി ഇനത്തിലാണ്. ഇത് 14421.19 കോടി രൂപയാണ്.

## പദ്ധതി വിഹിതത്തിലെ കുറവ്

**84 (89)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവിറക്കിയതിനു ശേഷം തുടർച്ചയായി ഓരോ വർഷവും ഉത്തരവ് നടപ്പിലാക്കാൻ വിസമ്മതിച്ചതിച്ചിട്ടുണ്ടോ ;എങ്കിൽ അത് എന്തുകൊണ്ടായിരുന്നു ;